## പത്തനംതിട്ട പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ നടപടിക്രമങ്ങൾ

(ഹാജർ: ശ്രീ. റ്റി. എൻ. ഓമനക്കുട്ടൻ)

വിഷയം:- പത്തനംതിട്ട പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറാഫീസ് - വിവരാവകാശ നിയമ പ്രകാരമുള്ള സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ആഫീസറായി എ ഡി പി ആഫീസിലെ ജൂനിയർ സൂപ്രണ്ട് ശ്രീ വി ശ്രീകാന്തിനെ നിയമിച്ച് ഉത്തരവാകുന്നു

പരാമർശം:- ബഹു സംസ്ഥാന മുഖ്യവിവരാവകാശ കമ്മീഷണറുടെ 19/11/2016-ലെ നിർദ്ദേശം.

---

**ഉത്തരവ് നമ്പർ ജി4-6155/2016. തീയതി, 23 /11/2016.**

---

പത്തനംതിട്ട ജില്ലയിലെ പഞ്ചായത്ത് വകുപ്പിൽ ഡെപ്യൂട്ടി ഡയറക്ടറുടെയും അസിസ്റ്റന്റ് ഡയറക്ടറുടെയും പൂർണ്ണ അധിക ചുമതലകൾ 30/04/2016 മുതൽ പെർഫോമൻസ് ആഡിറ്റ് യൂണിറ്റ്-3 യിലെ സൂപ്പർവൈസറായ ശ്രീ റ്റി എൻ ഓമനക്കുട്ടൻ നിർവ്വഹിച്ചു വരികയാണ്. വിവരാവകാശ നിയമ പ്രകാരമുള്ള സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ആഫീസറുടെ ചുമതലയുള്ള അസിസ്റ്റന്റ് ഡയറക്ടറുടെ ഉത്തരവാദിത്വവും ഒന്നാം അപ്പീൽ അധികാരിയായ ഡെപ്യൂട്ടി ഡയറക്ടറുടെ ഉത്തരവാദിത്വവും രണ്ട് വ്യത്യസ്ത തസ്തികകളിൽ ആണെങ്കിൽ തന്നെ ഒരേ സമയം കൈകാര്യം ചെയ്യുന്നത് അടിയന്തിരമായി ഒഴിവാക്കണമെന്ന ബഹുമാനപ്പെട്ട സംസ്ഥാന മുഖ്യവിവരാവകാശ കമ്മീഷണറുടെ 19/11/2016-ലെ വാക്കാലുള്ള നിർദ്ദേശപ്രകാരം പത്തനംതിട്ട പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറാഫീസിലെ വിവരാവകാശ നിയമ പ്രകാരമുള്ള സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ആഫീസറായി എ ഡി പി ആഫീസിലെ ജൂനിയർ സൂപ്രണ്ട് ശ്രീ വി ശ്രീകാന്തിനെ നിയമിച്ച് ഉത്തരവാകുന്നു. ശ്രീ വി ശ്രീകാന്ത് വിവരാവകാശ നിയമ പ്രകാരമുള്ള രജിസ്റ്ററുകളും ഫയലുകളും യഥാവിധി ഏറ്റെടുത്ത് കൈകാര്യം ചെയ്യേണ്ടതാണ്.

ഈ ഉത്തരവ് ഡെപ്യൂട്ടി ഡയറക്ടറുടെയും അസിസ്റ്റന്റ് ഡയറക്ടറുടെയും ചുമതലകൾ രണ്ട് വ്യത്യസ്ഥ ഉദ്യോഗസ്ഥർ ഏറ്റെടുക്കുന്നതു വരെയോ ഇനിയൊരു ഉത്തരവ് പുറപ്പെടുവിക്കുന്നതു വരെയോ പ്രാബല്യത്തിലുണ്ടായിരിക്കുന്നതാണ്.

| **ഉദ്യോഗസ്ഥന്റെ പേര്** | **ഡെസിഗ്നേഷൻ** | **ലാന്റ്ഫോൺ നംപർ** | **മൊബൈൽ നംപർ** |
|---|---|---|---|
| ശ്രീ.റ്റി.എൻ. ഓമനക്കുട്ടൻ | ഒന്നാംഅപ്പീൽ അധികാരി & ഡി.ഡി.പി(ഇൻചാർജ്) | **0468 2222561** | **9496042600** |
| ശ്രീ. വി ശ്രീകാന്ത് | എസ്.പി.ഐ.ഒ& ജെ.എസ് | **0468 2222207** | **9539320723** |

OFFICE OF THE DEPUTY DIRECTOR OF PANCHAYATS PATHANAMTHITTA

**റ്റി.എൻ. ഓമനക്കുട്ടൻ,**
**സീനിയർ സൂപ്രണ്ട്, പെർഫോമൻസ് ഓഡിറ്റ് യൂണിറ്റ്-III,**
**(പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ പൂർണ്ണ അധിക ചുമതല)**
**പത്തനംതിട്ട.**

പകർപ്പ്:-

1) ബഹു സംസ്ഥാന മുഖ്യവിവരാവകാശ കമ്മീഷണർ (ആമുഖ കത്ത് സഹിതം)
2) ബഹു പഞ്ചായത്ത് ഡയറക്ടർ (ആമുഖ കത്ത് സഹിതം)
3) അസിസ്റ്റന്റ് ഡയറക്ടർ ഓഫ് പഞ്ചായത്ത് , പത്തനംതിട്ട
4) ഡി.റ്റി.ഒ, ഇൻഫർമേഷൻ കേരളാ മിഷൻ, പത്തനംതിട്ട. ( വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി )
5) എല്ലാ ഗ്രാമപഞ്ചായത്തുകൾക്കും
6) ഓഫീസ് നോട്ടീസ് ബോർഡ്
7) കരുതൽ/അധികം.